"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് – അബ്കാരി ആക്റ്റ് 68A പ്രകാരം എക്സ്പെർട്ട് കമ്മിറ്റി രൂപീകരണം – ഹോമിയോപ്പതി വകുപ്പിൽ നിന്നും പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.179/2026/AYUSH തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:- (1) എക്സൈസ് കമ്മീഷണറുടെ 16/09/2025-ലെ EXC/940/2025-XC5 - നമ്പർ കത്ത്.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 20/01/2026 DHTVM/1907/2025-A4 - നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് ഔഷധ നിർമ്മാണത്തിനായി ഉപയോഗിക്കേണ്ട അരിഷ്ടാസവങ്ങൾ ചില സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തിലെ ചില ജില്ലകളിൽ കൂടുതൽ SPVI, SPVII/AYUSH ലൈസൻസുകൾക്കായുള്ള അപേക്ഷകൾ ലഭ്യമാകുന്നതിന്റെയും അടിസ്ഥാനത്തിൽ, അബ്കാരി ആക്റ്റ് 68A പ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ടെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഇതിനായി ഹോമിയോപ്പതി വകുപ്പിൽ നിന്നും ഔദ്യോഗികവും അനൗദ്യോഗികവുമായ പ്രതിനിധികളെ ഉൾപ്പെടുത്തി സർക്കാർ ഉത്തരവാകണമെന്ന് പരാമർശം-(1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. ഇതുസംബന്ധിച്ച് ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനെ അറിയിച്ചതനുസരിച്ച്, എക്സ്പെർട്ട് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി കായംകുളം സർക്കാർ ഹോമിയോ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഡോ.അനിൽ എസ്.കെ.-യെ ഔദ്യോഗിക പ്രതിനിധിയായും, എൻ.എച്ച്.എം. ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, കുണ്ടറയിലെ മെഡിക്കൽ ഓഫീസർ ഡോ.ശ്രീകാന്ത് പി.എസ്.-നെ അനൗദ്യോഗിക പ്രതിനിധിയായും നാമനിർദ്ദേശം ചെയ്യണമെന്ന് പരാമർശം-(2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അബ്കാരി ആക്റ്റ് 68A പ്രകാരം രൂപീകരിക്കുന്ന എക്സ്പെർട്ട് കമ്മിറ്റിയിലേക്കായി ചുവടെ പറയുന്ന ഹോമിയോപ്പതി ഡോക്ടർമാരെ ഹോമിയോപ്പതി വകുപ്പിന്റെ പ്രതിനിധികളായി നാമനിർദ്ദേശം ചെയ്ത് ഉത്തരവാകുന്നു.

1. ഡോ.സിജി റ്റി.ജി., ടെക്നിക്കൽ അസിസ്റ്റന്റ്, ഹോമിയോപ്പതി ഡയറക്ടറേറ്റ്, തിരുവനന്തപുരം – *(ഔദ്യോഗിക പ്രതിനിധി)*
2. ഡോ. ശ്രീകാന്ത് പി.എസ്., മെഡിക്കൽ ഓഫീസർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം.), കുണ്ടറ – *(അനൗദ്യോഗിക പ്രതിനിധി)*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
3. ഹോമിയോപ്പതിവകുപ്പ് മേധാവി, തിരുവനന്തപുരം.
4. ഡോ. ശ്രീകാന്ത് പി.എസ്., മെഡിക്കൽ ഓഫീസർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (എൻ.എച്ച്.എം.), കുണ്ടറ.
5. ഡോ.സിജി റ്റി.ജി., ടെക്നിക്കൽ അസിസ്റ്റന്റ്, ഹോമിയോപ്പതി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനനന്തപുരം.
7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
8. കരുതൽ ശേഖരം / ഓഫീസ് പകർപ്പ്. (AYU-C2/36/2026-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-03-2026 16:12:26

സെക്ഷൻ ഓഫീസർ.